**3 മിനുറ്റ് പ്രവചനക്കുറിപ്പ് തയ്യാറാക്കുവാൻ സഹായകരമായ,**
**പ്രവചനത്തിനുള്ള ഉദാഹരണ-വിഷയങ്ങൾ**
**2026-ITERO-S—ദൂത് രണ്ട്—നിരപ്പിന്റെ ശുശ്രൂഷ**

**ദിവസം 1**
**വിഷയം 1**
The apostles were authorized by Christ to represent Him to carry out the work of reconciliation (2 Cor. 5:18-20)
(Please illustrate that God, Christ, and the apostles are one in carrying out the ministry of reconciliation.)

അപ്പൊസ്തലന്മാർ ക്രിസ്തുവിനെ പ്രധിനിധികരിച്ചുകൊണ്ട് നിരപ്പിന്റെ വേല നിവർത്തിക്കുവാൻ അവനാൽ അധികാരപ്പെടുത്തപ്പെട്ടു (2 കൊരി. 5:18-20)
(നിരപ്പിന്റെ ശുശ്രൂഷ നിവർത്തിക്കുന്നതിൽ ദൈവവും ക്രിസ്തുവും അപ്പൊസ്തലന്മാരും ഒന്നാണ് എന്ന് ദയവായി വിശദമാക്കുക.)

**വിഷയം** 2
Second Corinthians 5:19 is for the world to be reconciled to God, and verse 20 is for the believers who have already been reconciled to God to be further reconciled to God (2 Cor. 5:18-20)
(Please illustrate through which two aspects of Christ's death He has fully reconciled God's chosen people to God.)

2 കൊരിന്ത്യർ 5:19 ലോകം ദൈവത്തോട് നിരപ്പിക്കപ്പെടുന്നതിനുവേണ്ടിയുള്ളതാണ്, വാക്യം 20 എന്നത് ഇതിനകം ദൈവത്തോട് നിരപ്പിക്കപ്പെട്ട വിശ്വാസികൾ ദൈവത്തോട് കൂടുതൽ നിരപ്പിക്കപ്പെടുന്നതിനുവേണ്ടിയുള്ളതാണ് (2 കൊരി. 5:18-20)
(ക്രിസ്തുവിന്റെ മരണത്തിന്റെ ഏത് രണ്ട് വശങ്ങളിലൂടെയാണ് അവൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ദൈവത്തോട് പൂർണ്ണമായി നിരപ്പിച്ചത് എന്ന് ദയവായി വിശദമാക്കുക.)

**ദിവസം 2**
**വിഷയം 3**
The veil of the flesh, the natural man, causes a separation between us and God (Gal. 5:20, 24)
(Why did the Corinthians, although already saved, still need the second step of reconciliation?)

ജഡത്തിന്റെ, സ്വാഭാവിക മനുഷ്യന്റെ തിരശ്ശീല നമുക്കും ദൈവത്തിനുമിടയിൽ ഒരു വേർപാട് ഉണ്ടാക്കുന്നു (ഗലാ. 5:20, 24)
(കൊരിന്ത്യർ, ഇതിനകം രക്ഷിക്കപ്പെട്ടവരാണെങ്കിലും, നിരപ്പിന്റെ രണ്ടാമത്തെ പടി അവർക്ക് അപ്പോഴും ആവശ്യമായിരുന്നത് എന്തുകൊണ്ടാണ്?)

**വിഷയം** 4
Only by working together with the Lord can we reconcile others to the Lord and bring them into Him (2 Cor. 5:18-20)
(Please illustrate with examples the significant difference between working for God and working together with God.)

കർത്താവിനോടുകൂടെ ഒന്നിച്ച് പ്രവർത്തിക്കുന്നതിലൂടെ മാത്രമേ നമുക്ക് മറ്റുള്ളവരെ കർത്താവിലേക്ക് നിരപ്പിക്കുവാനും അവരെ അവനിലേക്ക് കൊണ്ടുവരുവാനും കഴിയൂ (2 കൊരി. 5:18-20)
(ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നതും ദൈവത്തോടുകൂടെ ഒന്നിച്ച് പ്രവർത്തിക്കുന്നതും തമ്മിലുള്ള വലിയ വ്യത്യാസം ഉദാഹരണങ്ങളോടെ ദയവായി വിശദമാക്കുക.)

**ദിവസം 3**
**വിഷയം 5**
The New Testament ministry is the ministry of The Spirit and of righteousness (2 Cor. 5:21)
(Please illustrate that in 2 Corinthians 5:21 is the ultimate consummation of salvation, which is the righteousness of God.)

പുതിയ നിയമ ശുശ്രൂഷ എന്നത് ആത്മാവിന്റെയും നീതിയുടെയും ശുശ്രൂഷയാണ് (2 കൊരി. 5:21)
(2 കൊരിന്ത്യർ 5:21-ൽ ഉള്ളത് രക്ഷയുടെ ആത്യന്തിക പരിണതിയാണെന്നും അത് ദൈവത്തിന്റെ നീതിയാണെന്നും ദയവായി വിശദമാക്കുക.)

**വിഷയം 6**
Righteousness dwelling in the new heaven and new earth indicates that everything will be fully brought back to God (2 Pet. 3:13)
(Why is this righteousness said to be the ultimate consummation of God's salvation?)

പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നീതി വസിക്കുന്നത് സകലവും പൂർണ്ണമായി ദൈവത്തിങ്കലേക്ക് മടക്കിക്കൊണ്ടുവരപ്പെടും എന്ന് സൂചിപ്പിക്കുന്നു (2 പത്രൊ. 3:13)
(ഈ നീതി ദൈവത്തിന്റെ രക്ഷയുടെ ആത്യന്തിക പരിണതിയാണെന്ന് പറയപ്പെടുന്നത് എന്തുകൊണ്ടാണ്?)

**ദിവസം 4**
**വിഷയം 7**
We are not only justified by God, but have even become the righteousness of God (2 Cor. 5:21)
(Please illustrate that Christ on the cross died not only for our sins but also for us.)

നാം ദൈവത്താൽ നീതീകരിക്കപ്പെടുക മാത്രമല്ല, മറിച്ച് നാം ദൈവത്തിന്റെ നീതിയായി തീരുകപോലും ചെയ്തിരിക്കുന്നു (2 കൊരി. 5:21)
(ക്രൂശിലെ ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മാത്രം അല്ല, മറിച്ച് നമുക്കുവേണ്ടിയും മരിച്ചു എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 8**
Even if we have not done anything wrong, we may still not be right with God (2 Cor. 3:8-9)
(Please illustrate that as long as we do not do God's will, we are not right.)

നാം തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിൽപോലും, നാം ദൈവത്തോട് ശരിയായിരിക്കണമെന്നില്ല (2 കൊരി. 3:8-9)
(നാം ദൈവത്തിന്റെ ഹിതം ചെയ്യാത്തിടത്തോളം കാലം, നാം ശരിയുള്ളവരല്ല എന്ന് ദയവായി വിശദമാക്കുക.)

**ദിവസം 5**
**വിഷയം 9**
The two steps of reconciliation are clearly portrayed by the two veils of the tabernacle (Heb. 9:3, 10:19-20)
(Please illustrate that the purpose of 2 Corinthians is to bring the Corinthian believers into the Holy of Holies to make them persons in the spirit.)

നിരപ്പിന്റെ രണ്ട് പടികൾ കൂടാരത്തിന്റെ രണ്ട് തിരശ്ശീലകളാൽ വ്യക്തമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു (എബ്രാ. 9:3, 10:19-20)
(കൊരിന്ത്യ വിശ്വാസികളെ ആത്മാവിലുള്ള വ്യക്തികളാക്കി മാറ്റുവാൻ അവരെ അതിവിശുദ്ധസ്ഥലത്തേക്ക് കൊണ്ടുവരിക എന്നതാണ് 2 കൊരിന്ത്യരുടെ ഉദ്ദേശ്യം എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 10**
The ministry of reconciliation is the ministry that brings people into God (Heb. 10:19-20)
(Please illustrate that we continuously need the ministry of reconciliation until we are fully in Him and let Him be fully in us.)

നിരപ്പിന്റെ ശുശ്രൂഷ എന്നത് ആളുകളെ ദൈവത്തിലേക്ക് കൊണ്ടുവരുന്ന ശുശ്രൂഷയാണ് (എബ്രാ. 10:19-20)
(നാം പൂർണ്ണമായി അവനിലായിരിക്കുകയും അവൻ പൂർണ്ണമായി നമ്മിലായിരിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നതുവരെ നമുക്ക് നിരപ്പിന്റെ ശുശ്രൂഷ നിരന്തരം ആവശ്യമാണ് എന്ന് ദയവായി വിശദമാക്കുക.)

**ദിവസം 6**

**വിഷയം 11**

If we are to be fully reconciled to God, we need to be enlarged in heart (2 Cor. 6:11-13)
(Please illustrate that when our hearts are enlarged, we must not be loose, but should continue to be strict and straight with ourselves.)

നാം ദൈവത്തോട് പൂർണ്ണമായി നിരപ്പിലാകണമെങ്കിൽ, നമ്മുടെ ഹൃദയം വിശാലമാക്കപ്പെടേണ്ടതുണ്ട് (2 കൊരി. 6:11-13)
(നമ്മുടെ ഹൃദയം വിശാലമാക്കപ്പെടുമ്പോൾ, നാം അയഞ്ഞവരായിരിക്കരുത്, മറിച്ച് നമ്മോടുതന്നെ കർശനമുള്ളവരും നേരെയുള്ളവരുമായി തുടരണം എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 12**

Forgetting is true forgiveness (2 Cor. 6:11-13)
(Please illustrate that it is difficult for us to forgive and forget because our hearts are not yet sufficiently enlarged.)

മറക്കുക എന്നതാണ് യഥാർത്ഥമായ ക്ഷമ (2 കൊരി. 6:11-13)
(നമ്മുടെ ഹൃദയം ഇതുവരെ ആവശ്യത്തിന് വിശാലമാക്കപ്പെടാത്തതുകൊണ്ടാണ് നമുക്ക് ക്ഷമിക്കുവാനും മറക്കുവാനും ബുദ്ധിമുട്ടാകുന്നത് എന്ന് ദയവായി വിശദമാക്കുക.)